# മിന്നുകെട്ടിന്റെ പണിപ്പുരയിൽ

പുസ്തകത്തിനു ലഭിച്ച പ്രതികരണങ്ങൾ

## സൗഖ്യമാക്കുന്ന കർമ്മവും കാലവും

സാദരം കൊണ്ടുവന്നു തന്ന മിന്നുകെട്ടിന്റെ പണിപ്പുരയിൽ ആദ്യന്തം ഹൃദ്യമായി അനുഭവപ്പെട്ടു. സന്ദേഹത്തിന്റെ സന്ദർഭങ്ങളിൽ വിവാഹാർത്ഥികളെയും അവരുടെ മാതാപിതാക്കളേയും അനായാസേന കൈപിടിച്ചു കൊണ്ടുപോകുന്ന ഒരു വിദഗ്ദ കൗൺസിലറെ ഇവിടെ കാണാൻ കഴിഞ്ഞു. ''എല്ലാം നന്മക്കായി പരിണമിപ്പിക്കുന്ന തമ്പുരാനിൽ ആശ്രയിക്കുക'' എന്ന ഭൂമിക, കൗൺസിലിംഗിന് ആധാരമാക്കിയിരിക്കുന്നത് ഏറ്റം അർത്ഥവത്തായിരിക്കുന്നു. സ്വന്തം ജീവിതാനുഭവങ്ങളും, കല്യാണപന്തലിലേക്ക് കടന്നു വരുന്നവരുടെ കൂടെ സഞ്ചരിച്ചു കണ്ടെത്തിയ ഉൾക്കാഴ്ചകളും ഇവിടെ ജ്വലിച്ചു നിൽക്കുന്നു.

കല്യാണാലോചനാ സംസ്കാരത്തിന് ഒരു പുത്തൻ രൂപം കൊടുക്കുവാൻ ബെത്‌ലെഹം സംഘടിപ്പിക്കുന്ന വൈവാഹിക സംഗമങ്ങൾ, ജനശ്രദ്ധ ആകർഷിക്കുകയും, സാമൂഹ്യമാറ്റത്തിന് അത് കാരണമാകുകയും ചെയ്യുന്നുവെന്നു മനസ്സിലാക്കുന്നു. ബെത്‌ലെഹമിന്റെ ഈ ആദ്യ പുസ്തകം കൊണ്ടുവരുന്ന നുറുങ്ങുവെട്ടം, സ്നേഹത്തിൽ ഐക്യപ്പെടാൻ കാത്തുനിൽക്കുന്നവർക്കും, മുറിവേറ്റു തളർന്ന മനസ്സുകൾക്കും ഒരു കൈത്താങ്ങു നൽകുന്ന സാന്ത്വനം തന്നെ.

''കാലം പുതിയ വഴികൾ തുറന്നു തരും'', ''ചിത്രശലഭത്തിന്റെ കൈകാലുകൾ പുറംതോടിൽ നിന്നും പുറത്തുവരാനുള്ള മൽപ്പിടുത്തത്തിൽ ബലമുറ്റതാകുന്നു'', ''മുറിവുണക്കാൻ കർമ്മവും, കാലവും, സ്നേഹവുമാണ് വേണ്ടത്'' എന്നു തുടങ്ങിയ ആലോചനാമൃതമായ അനേക മുത്തുകൾ നമുക്കിവിടെ കാണാം.

ക്ഷമാപൂർവ്വമുള്ള കാത്തിരിപ്പിന്റെ കാലവും, അതിനിടെ ചെയ്യേണ്ട എല്ലാ കർമ്മങ്ങളും, ശ്രദ്ധയോടും സന്നദ്ധതയോടും കൂടെ പ്രതികരിക്കാനുള്ള സ്നേഹവും ഉള്ളിടത്ത് പ്രശ്നങ്ങളുടെ കെട്ടുകൾ താനേ അഴിയും. വിവാഹാർത്ഥികൾക്ക് അവരുടെ മനസ്സിനിണങ്ങിയ ഒരു ബന്ധത്തിലേർപ്പെടാൻ ഈ ചെറു ഗ്രന്ഥം ഏറെ സഹായകരമായിരിക്കും.

ഗ്രന്ഥത്തിനും, ഗ്രന്ഥകാരനും, ഇതിന്റെ അനുവാചകർക്കും ഭാവുകങ്ങൾ നേരുന്നു.

**റവ. ഡോ. തോമസ് കാടൻകാവിൽ സി.എം.ഐ**